കേരള സർക്കാർ

നം.294/ഇപിഎ 4/2019/ തസ്വഭവ
**തദ്ദേശ സ്വയംഭരണ (ഇപിഎ) വകുപ്പ്**
തിരുവനന്തപുരം
തീയതി : 11/08/2019

## സർക്കുലർ

വിഷയം : സംസ്ഥാനത്തൊട്ടാകെ കനത്ത മഴയെ തുടന്ന് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധിക മാർഗ്ഗ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന : 09.08.2019 ലെ സ.ഉ.(സാധാ) നം. 1735/2019/ത.സ്വ.ഭ.വ.

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരും മറ്റ് ഉദ്യോഗസ്ഥരും അവധി ദിവസങ്ങളിൽ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഓഫീസിൽ ഹാജരാകേണ്ടതുണ്ടെന്ന് പരാമർശ ഉത്തരവ് പ്രകാരം അറിയിച്ചിരുന്നു. എന്നാൽ ചില സ്ഥാപനങ്ങളിലെങ്കിലും മറിച്ചുള്ള റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും മറ്റ് ഉദ്യോഗസ്ഥരും പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണ്ണമാകുന്നതുവരെ അവധി എടുക്കാനോ (വളരെ ഒഴിച്ചുകൂടാനാവാത്ത അവസരങ്ങളിലൊഴികെ), ഓഫീസിൽ ഹാജരാകാതിരിക്കാനോ പാടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ചീഫ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവർക്ക് നിർദ്ദേശം നൽകുന്നു.

ടി.കെ. ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്